# സാമൂഹിക പ്രത്യാഘാത പഠനം

## ചോഴിയാംകുന്ന് ശ്മശാനത്തിലേക്കുള്ള വഴി

## മഞ്ചേരി വില്ലേജ്, ഏറനാട് താലൂക്ക്, മലപ്പുറം ജില്ല

## 0.453 ആർ (1.12 സെന്റ്)

## കരട് റിപ്പോർട്ട്

**തീയതി : 11/03/2022**

റിക്വസിഷൻ അധികാരി

മഞ്ചേരി മുനിസിപ്പാലിറ്റി

**കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്**
**കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002**
**ഫോൺ : 0481 2572781, 2573875**
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# ഉള്ളടക്കം

1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതനുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

1.8. സാമൂഹിക പ്രത്യാഘാതം

1.9. പ്രത്യാഘാത ലഘൂകരണം

1.10. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.11. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

1.12- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

1.13. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

# സാമൂഹിക പ്രത്യാഘാത പഠനം

## ചോഴിയാംകുന്ന് ശ്മശാനത്തിലേക്കുള്ള വഴി
## മഞ്ചേരി വില്ലേജ്, ഏറനാട് താലൂക്ക്, മലപ്പുറം ജില്ല
## 0.453 ആർ (1.12 സെന്റ്)

### അദ്ധ്യായം - 1
### പഠന റിപ്പോർട്ട്- രത്ന ചുരുക്കം

#### 1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

ചോഴിയാംകുന്ന് ശ്മശാനം, സാമൂതിരിയുടെ കാലം മുതൽ നിലനിന്നിരുന്നു എന്ന് ശ്മശാനം ഉപയോഗപ്പെടുത്തുന്ന ചോഴിയാംകുന്ന് കോളനി നിവാസികൾ അവകാശപ്പെടുന്നു. പ്രദേശത്തിന്റെ ഭൂപ്രകൃതി സമീപവാസികളുടെ അഭിപ്രായങ്ങൾ എന്നിവ ക്രോഡീകരിച്ചതിൽ നിന്നും, ചോഴിയാംകുന്ന് ദളിത് ശ്മശാനത്തിന് നൂറ് വർഷത്തിന് മുകളിൽ പഴക്കമുണ്ട് എന്ന് അനുമാനിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ശ്മശാനത്തിലേക്കുള്ള പ്രവേശന മാർഗ്ഗം പ്രത്യേകമായി രേഖപ്പെടുത്താതിരുന്നതിനാലും, ശ്മശാന ഭൂമി വിട്ടു നൽകിയ കുടുംബം ശ്മശാന പ്രവേശന മാർഗ്ഗം നിർണ്ണയിക്കാതെ ഒന്നായി കിടന്ന ഭൂമി ഭാഗം ചെയ്തതിനാലും, പരമ്പരാഗതമായി ശ്മശാനത്തിലേക്ക് ഉണ്ടായിരുന്ന പ്രവേശന മാർഗ്ഗം നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടായി. തുടർന്ന് ഭാഗം ചെയ്ത് ലഭ്യമായ കുടുംബങ്ങൾ തങ്ങളുടെ അവകാശത്തിൽ ലഭ്യമായ മഞ്ചേരി - പൂക്കാട്ടൂർ റോഡിന്റെ സമീപ സ്ഥലമായ സ്ഥലത്ത് ഭൂമി തയ്യാർ ചെയ്ത് ഭവനങ്ങൾ നിർമ്മിച്ചതിനാൽ, ശ്മശാനത്തിന്റെ പരമ്പരാഗത പ്രവേശന മാർഗ്ഗം ഇല്ലാതാക്കുകയും കാൽനടയാത്രപോലും സാധ്യമല്ലാത്ത രീതിയിൽ വീതി ഇല്ലാതായി തീരുകയും ചെയ്തു. അതുകൊണ്ട് തന്നെ ശവസംസ്ക്കാരത്തിന് മൃതശരീരം ശ്മശാനത്തിൽ എത്തിക്കാൻ ദലിത് കുടുംബങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയും ആയത് 2014 മുതൽ ആരംഭത്തിൽ അപേക്ഷകളും, നിർദ്ദേശങ്ങളുമായും പിന്നീട് പ്രതിഷേധ സമരങ്ങളായും മാറ്റപ്പെടുകയും ആയിരുന്നു. നാൽപ്പത്തി അഞ്ച് ദലിത് കുടുംബങ്ങൾ ഉപയോഗിക്കുന്നു എന്ന് അവകാശപ്പെടുന്ന ശ്മശാന ഭൂമി ഉദ്ദേശം പതിനഞ്ച് സെന്റ് എന്ന് കണക്കാക്കുന്നു. ഇപ്പോൾ ശ്മശാന സംരക്ഷണ സമിതി എന്ന പേരിൽ ഒരു അനൗദ്യോഗിക ജനകീയ സമിതി ശ്മശാന സംരക്ഷണം നടത്തുന്നതായി അവകാശപ്പെടുന്നു. എന്നാൽ യഥാർത്ഥ കൈവശ രേഖകളുടെ അഭാവം, ശ്മശാനം, ശ്മശാനത്തിലേക്കുള്ള പ്രവേശന മാർഗ്ഗം എന്നിവ അഭിമുഖീകരിക്കുന്നു എന്ന് പ്രദേശവാസികൾ പഠന സംഘത്തെ അറിയിച്ചു.

രണ്ടായിരത്തി പതിനാല് മുതൽ ജില്ലാ ഭരണകൂടത്തിന്റെയും മഞ്ചേരി മുൻസിപ്പാലിറ്റിയുടെയും, ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ശ്മശാനത്തിലേക്കുള്ള വഴി പ്രശ്നം പരിഹരിക്കുന്നതിന് യോഗങ്ങൾ കൂടുകയും സമീപസ്ഥ ഭൂ ഉടമകളായ രണ്ട് പേർ അവരുടെ രണ്ട് അടി ഭൂമി സ്വമേധയാ വിട്ടുതരാൻ തയ്യാറാണ് എന്ന് അറിയിക്കുകയും ഉണ്ടായി. എന്നാൽ ഒരു സമീപസ്ഥ ഭൂ ഉടമസ്ഥൻ തന്റെ ഭൂമിക്ക്



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

നഷ്ടപരിഹാരം ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥനത്തിൽ ശ്മശാനത്തിലേക്ക് എയിസ്മെന്റ് അവകാശത്തിൽ ലഭ്യമാകുന്ന മൂന്ന് അടി വഴിക്കും സ്വയം വിട്ട് നൽകുവാൻ ഭൂഉടമസ്ഥർ തയ്യാറായ വസ്തുവിനും ശേഷം ഉള്ള ഭൂമി, ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ചുള്ള നടപടികളിലൂടെ ഏറ്റെടുക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചതിന്റെ തുടർച്ചയായി പദ്ധതിയുടെ സാമൂഹ്യ ആഘാതപഠനം നടത്തുവാൻ വിജ്ഞാനം പുറപ്പെടുവിക്കുകയും പഠനത്തിനായി കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തുകയും , പ്രസ്തുത പഠനത്തിന്റെ ഭാഗമായി ആണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

### 1. 2. പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റി 38-ാം വാർഡിൽപ്പെടുന്നതും, ഏറനാട് താലൂക്കിൽ മഞ്ചേരി വില്ലേജിൽ വരുന്നതുമായ ചോഴിയാംകുന്ന് ദളിത് ശ്മശാന ഭൂമിയിലേക്ക് മഞ്ചേരി - പൂക്കാട്ടൂർ ജില്ലാ പാതയിൽ നിന്നും ഉദ്ദേശം ഒരു മീറ്റർ നടപ്പാതയുടെ ഓരത്ത് ഉള്ള ഉദ്ദേശം രണ്ട് സെന്റ് ഭൂമി പദ്ധതി ഭൂമിയായ പ്രദേശമാണ് .

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജി) മലപ്പുറം ആണ് ചോഴിയാംകുന്ന് ശ്മശാനത്തിലേക്കുള്ള വഴിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടത്തുന്നത്

#### (ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ, മഞ്ചേരി വില്ലേജിൽ, മഞ്ചേരി - പൂക്കാട്ടൂർ റോഡിന് സമീപം മഞ്ചേരി മുൻസിപ്പാലിറ്റി 38-ാം വാർഡിൽ താമസിക്കുന്ന മുഹമ്മദ് ഫൈസൽ, ഏനായ്ത്തുടി ഹൗസ്, ആണ് പദ്ധതിബാധിതനായ ഭൂഉടമസ്ഥൻ. തനിക്ക് പാരമ്പര്യ സ്വത്തായി കിട്ടിയ മുപ്പത്തി അഞ്ച് സെന്റ് ഭൂമിയിൽ ആണ് പദ്ധതി ഭൂമി ഉൾപ്പെട്ടിരിക്കുന്നത്.

മെഡിക്കൽ ഉപകരണങ്ങളുടെ വിതരണം, വിൽപ്പന തുടങ്ങിയ വ്യാപാരം നടത്തുന്ന ഭൂഉടമസ്ഥൻ ഭാര്യയും രണ്ട് മക്കളും ഉൾപ്പെടുന്ന കുടുംബത്തോടൊപ്പം പദ്ധതിപ്രദേശത്തോട് ചേർന്നുള്ള ഭവനത്തിൽ താമസിക്കുന്നു. മുസ്ളിം മത വിശ്വാസിയായ ഭൂഉടമസ്ഥൻ ഇടത്തരം സാമ്പത്തിക സ്ഥിതിയുള്ളതും , വിദ്യാസമ്പന്നനും ആണ്.

#### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റി 38-ാം വാർഡിൽപ്പെടുന്നതും, ഏറനാട് താലൂക്കിൽ മഞ്ചേരി വില്ലേജിൽ വരുന്നതുമായ ചോഴിയാംകുന്ന് ദളിത് ശ്മശാന ഭൂമിയിലേക്ക് മഞ്ചേരി - പൂക്കാട്ടൂർ ജില്ലാ പാതയിൽ നിന്നും ആരംഭിക്കുന്ന

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE

ഉദ്ദേശം ഒരു മീറ്റർ വീതിയുള്ള നടപ്പാതയുടെ ഓരത്ത് ഉള്ള ഉദ്ദേശം 1.12 സെന്റ് ഭൂമി ആണ് പദ്ധതി ഭൂമിയായി കണക്കാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

### 1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

#### (എ). നടപ്പാക്കൽ ഏജൻസി

മലപ്പുറം ജില്ലയിലെ പ്രധാന പട്ടണങ്ങളിലൊന്നാണ് മഞ്ചേരി. ജില്ലാകേന്ദ്രം മലപ്പുറമാണെങ്കിലും കലക്ടറേറ്റ് ഒഴികെയുള്ള പ്രധാന സർക്കാർ ഓഫീസുകൾ എല്ലാം പഴയകാല വാണിജ്യകേന്ദ്രമായിരുന്ന മഞ്ചേരിയിൽ പ്രവർത്തിക്കുന്നു. മഞ്ചേരി, ഏറനാട് താലൂക്കിൽ ഉൾപ്പെടുന്നു. ഏറനാടിന്റെ താലൂക്ക് ആസ്ഥാനം മഞ്ചേരി ആണ്. പണ്ട് ഏറാൾപ്പാടായിരുന്നു മഞ്ചേരി ഭരിച്ചിരുന്നത്. മഞ്ചേരി രാമയ്യർ, മഞ്ചേരി അബ്ദുറഹിമാൻ, തുടങ്ങിയ വീരകേസരികളുടെ നാട്. മഞ്ചേരി മുനിസിപ്പാലിറ്റി നറുകര, പയ്യനാട് എന്നീ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്നു.

#### (ബി) പദ്ധതി നിർവ്വഹണ ഘട്ടം

ബഹുമാനപ്പെട്ട ഗവൺമെന്റ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പാക്കൽ സംബന്ധമായി സർക്കാർ നടപ്പാക്കൽ ഏജൻസിക്ക് അനുമതി പത്രം നൽകുകയും ഭൂമി ഏറ്റെടുക്കൽ വിഭാഗം പ്രാഥമിക സർവ്വേ നടത്തുകയും ഏറ്റെടുക്കുന്ന ഭൂമിയുടെ അതിരുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

#### (സി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1894<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും |

### 1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

പദ്ധതി സംബന്ധമായി ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ ഇല്ല.

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## 1.6 സമീപനവും രീതി ശാസ്ത്രവും

### (എ). പശ്ചാത്തലം

കേരളാ ഗസറ്റ് തീയതി 2022, ഫെബ്രുവരി 08, നം.436, വിജ്ഞാപനം നമ്പർ.– ഡി.സി.എം.പി.എം/ 12799/2018 - എൽ എ2, തീയതി, 2022, ജനുവരി 27 അറിയിപ്പ് പ്രകാരം കേരള സർക്കാർ കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ഈ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

### (ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 26 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവര ശേഖകൻ | 11 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവര ശേഖരണം | 16 വർഷത്തെ പ്രവർത്തന പരിചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 26 വർഷത്തെ പ്രവർത്തി പരിചയം |

### (സി).പഠന സമീപനം

പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതന്റെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി.



KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവര ശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് പദ്ധതി സംബന്ധമായി താൽപ്പര്യമുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതന് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശവും സമീപ സ്ഥലങ്ങളും സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതി ഭൂമിയുടെ ഉടമസ്ഥനെയും നേരിൽ കണ്ട് വിവര ശേഖരണം നടത്തുകയുണ്ടായി.

### (ഡി). നടപടികളും സമയക്രമങ്ങളും

08/02/2022- സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം.
28/02/2022- സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം ലഭ്യമായി.
01/03/2022- 03/03/2022 - സാമൂഹിക സർവ്വേ
11/03/2022 - കരട് റിപ്പോർട്ട്

### (ഇ).പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

2. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ ഭൂവുടമ തയ്യാറാണ്.

### 1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

ഒരു താമസ ഭവനത്തിലേക്കുള്ള പ്രവേശന റോഡിന്റെ വീതി കുറയപ്പെടും എന്നതും, ഭൂമിയുടെ നഷ്ടവുമാണ് പ്രത്യക്ഷത്തിൽ ഉള്ള പദ്ധതിയുടെ പ്രത്യാഘാതം. എന്നാൽ മേൽപ്പറഞ്ഞ നഷ്ടങ്ങൾ പദ്ധതിബാധിതനായ ഭൂഉടമസ്ഥന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയെയോ, താമസ ഭവനത്തെയോ, സ്വകാര്യതയെയോ ദോഷമായി ബാധിക്കുന്നു എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ തന്റെ ഭവനത്തിലേക്കുള്ള വാഹനത്തിന്റെ പ്രവേശനം തടസ്സപ്പെടുന്നു എന്ന് ഭൂഉടമസ്ഥനായ പദ്ധതിബാധിതൻ പഠനസമയത്ത് രേഖപ്പെടുത്തുകയുണ്ടായി.

### 1.8. സാമൂഹിക പ്രത്യാഘാതം

ഒരു താമസ ഭവനത്തിലേക്കുള്ള പ്രവേശന റോഡിന്റെ വീതി കുറയപ്പെടും എന്നതും, ഭൂമിയുടെ നഷ്ടവുമാണ് പ്രത്യക്ഷത്തിൽ ഉള്ള പദ്ധതിയുടെ പ്രത്യാഘാതം. എന്നാൽ മേൽപ്പറഞ്ഞ നഷ്ടങ്ങൾ പദ്ധതിബാധിതനായ ഭൂഉടമസ്ഥന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയെയോ, താമസ ഭവനത്തെയോ, സ്വകാര്യതയെയോ ദോഷമായി ബാധിക്കുന്നു എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ തന്റെ പ്രവേശന മാർഗ്ഗത്തിലൂടെ

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

വാഹനത്തിന്റെ പ്രവേശനം തടസ്സപ്പെടുന്നു എന്ന് ഭൂഉടമസ്ഥനായ പദ്ധതിബാധിതൻ പഠനസമയത്ത് രേഖപ്പെടുത്തുകയുണ്ടായി.

എന്നാൽ പദ്ധതി നടപ്പാക്കപ്പെട്ടാൽ വർഷങ്ങളായി ദളിത് കുടുംബങ്ങൾ ഉപയോഗിച്ച് വരുന്ന ശ്മശാനത്തിലേക്ക് മൃതശരീരങ്ങൾ എത്തിക്കുവാനുള്ള ബുദ്ധിമുട്ട് വലിയ രീതിയിൽ കുറയ്ക്കുവാൻ സാധിക്കും.

**1.9. പ്രത്യാഘാത ലഘൂകരണം**

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം നിയന്ത്രണം | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമി യിലോ നട്ടു വളർത്താൻ നടപടി സ്വീകരി ക്കുക. |
| 3 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടിക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 4 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര സമിതി പഞ്ചായത്തിലുംജില്ലാ തലത്തിലും പ്രവർത്തിക്കുക. |

**1.10. പ്രത്യാഘാത ലഘൂകരണ നടപടികൾ**

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് |



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തുല്യ എണ്ണം മര ങ്ങൾ സർക്കാർ ഭൂമിയി ലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കു ക. |
| 3 | പദ്ധതി ബാധി തരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങ ളിൽ ഉൾപ്പെടു ത്തുക. | പോസി റ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | ലഘു വായ | മധ്യമം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിത രുടെ പങ്കാ ളിത്തം ഉറപ്പു വരു ത്തുക. |
| 4 | പരാതി പരി ഹാരം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തല ത്തിലും പഞ്ചാ യത്ത് തല ത്തിലും പ്രവർത്തി ക്കുക. |

**1.11.സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം**

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തരവാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |

| | |
|---|---|
| മഞ്ചേരി മുനിസിപ്പാലിറ്റി | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

**1.12- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനിയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

**1.13. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

കേവലം 1.12 സെന്റ് ഭൂമി മാത്രം ഏറ്റെടുക്കലിന് വിധേയമാകുന്നുള്ളു എന്നതും, ആയത് മൂലം പദ്ധതിബാധിതനായ ഭൂഉടമസ്ഥന്, തന്റെ താമസ്സത്തിനൊ, സാമ്പത്തിക സ്ഥിതിയോ പ്രതിബന്ധങ്ങളൊ, കോട്ടമോ തട്ടുന്നില്ല എന്നതുകൊണ്ടും, പദ്ധതിയുടെ പ്രത്യാഘാതം വളരെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. കൂടാതെ ന്യായമായ നഷ്ടപരിഹാരത്തിലൂടെ ഭൂമിയുടെ നഷ്ടം പരിഹരിക്കാവുന്നതുമാണ്. കൂടാതെ പദ്ധതി വർഷങ്ങളായി പദ്ധതിപ്രദേശത്ത് നിലനിൽക്കുന്ന പ്രശ്നത്തിന് പരിഹാരമാകും എന്നതും കണക്കാക്കേണ്ടതാണ്.

ചോഴിയാംകുന്ന് പ്രദേശത്ത് താമസിക്കുന്ന ദളിത് കുടുംബങ്ങൾ അനേകം വർഷങ്ങളായി ശ്മശാന ഭൂമിയായി ഉപയോഗിക്കുന്ന സ്ഥലത്തേക്കുള്ള പ്രവേശന മാർഗ്ഗത്തെ പൊതുതാത്പര്യ പദ്ധതിയായി കണക്കാക്കാവുന്നതാണ്. തങ്ങളുടെ പൂർവ്വികരെ സംസ്ക്കരിച്ചിരിക്കുന്ന സ്ഥലം എന്നതിനാൽ ശ്മശാന ഭൂമി ദളിത് കുടുംബങ്ങളെ സംബന്ധിച്ച് വലിയ സാംസ്ക്കാരിക - ആചാര പ്രാധാന്യം ഉള്ള സ്ഥലമാണ്. അങ്ങോട്ടുള്ള പ്രവേശനം സുഗമം ആക്കേണ്ടത് സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സാമൂഹിക പ്രതിബന്ധതയാണ്.

വർഷങ്ങളായി നിലനിന്നുവരുന്ന ശ്മശാനത്തിലേക്കുള്ള പ്രവേശനമാർഗ്ഗം എന്ന നിലയിൽ പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ പ്രായോഗികമല്ല.

KERALA VHS ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

പദ്ധതിക്ക് വേണ്ടി രണ്ട് ഭൂഉടമസ്ഥർ സ്വമേധയാ അവരുടെ ഭൂമി വിട്ടുകൊടുത്തിരിക്കുന്നു. എന്നുള്ളത് കൊണ്ട്തന്നെ പദ്ധതി സംബന്ധമായി മുൻകാലങ്ങളിൽ സജീവമായ ചർച്ചകൾ, കൂടി ആലോചനകൾ എന്നിവ നടന്നിരുന്നു എന്നത് മനസ്സിലാക്കാവുന്നതാണ്.

പദ്ധതിയുടെ പൊതുതാത്പര്യം, ബദൽ നിർദ്ദേശങ്ങളുടെ പ്രാധാന്യം, ഇല്ലായ്മ എന്നിവ കണക്കാക്കുമ്പോഴും പദ്ധതി ദളിത് വിഭാഗങ്ങളുടെ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സഹായകരമാവും എന്നതിനാലും, പദ്ധതി മൂലം ഭൂഉടമസ്ഥന് ഉണ്ടാവുന്ന പ്രത്യാഘാതം വളരെ ലഘുതരമാണ് എന്നുള്ളതുകൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി സർക്കാരിന് മുന്നോട്ട് പോകാവുന്നതാണ്.

സാജു വി.ഇട്ടി
ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്




<u>അനുബന്ധരേഖകൾ</u>

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

**മഞ്ചേരി ചോഴിയാംകുന്ന് ശ്മശാനത്തിലേക്കുള്ള വഴി**
**ഏറനാട് താലൂക്ക്, മലപ്പുറം ജില്ല**

**<u>പദ്ധതി ബാധിതന്റെ പേര് വിവരങ്ങൾ</u>**

| ക്രമ നം. | സർവ്വേ നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 96/9 | മുഹമ്മദ് ഫൈസൽ<br>ഏനായ്ത്തുടി ഹൗസ്<br>മഞ്ചേരി പി.ഒ. വാക്കത്തൊടി,<br>**മലപ്പുറം ജില്ല** | 8606590999 | വസ്തു |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.


## PHOTOGRAPHS













KERALA VHSS * COLLECTORATE P.O. *
MULLANKUZHY
KOTTAYAM-2

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram<br>Tuesday | 2022 ഫെബ്രുവരി 08<br>08th February 2022<br>1197 മകരം 25<br>25th Makaram 1197<br>1943 മാഘം 19<br>19th Magha 1943 | നമ്പർ<br>No. 436 |

FORM NO. 4

[*See* Rule 11(3)]

NOTIFICATION

No. DCMPM/12799/2018-LA2. *27th January, 2022.*

WHEREAS, it appears to the appropriate Government and the District Collector, Malappuram that the land specified in the schedule below is needed or likely to be needed for a public purpose, that is for "Land Acquisition for the Construction of Pathway leading to Manjeri Chozhiyamkunnu Cemetery at Manjeri Village of Eranad Taluk" in Malappuram District;

WHEREAS, in exercise of powers conferred by the provisions to clause (e) of section 3 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013). Government of Kerala have notified and

authorized the District Collector as appropriate Government as per G.O.(P) No. 376/2016/RD dated 29-6-2016 and published as SRO No. 468/16, in Kerala Gazette dated 8-7-2016 for the purpose of acquisition of land not exceeding 200 Ares in a District for public purpose;

WHEREAS, in exercise of powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) the Appropriate Government and the District Collector, Malappuram, have decided to conduct a Social Impact Assessment in the area specified in the schedule below;

NOW, THEREFORE, sanction is accorded to the State Level Social Impact Assessment Unit "Sri Saju V. Itty, Executive Director, Kerala Voluntary Health Services, Mullankuzhi, Collectorate P. O., Kottayam, Pin-686 002" to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period of 30 days, but not exceeding six months in any case.

SCHEDULE

*District*—Malappuram. *Taluk*—Eranad.

*Village or Amsom*—Manjeri. *Block No*—52.

| *Serial No.* | *Survey No.* | *Description* | *Extent (in Ares) (Approximate)* |
|---|---|---|---|
| 1 | 96/9 | Purayidam (Dry Land) | 0.453 Are (1.12 Cent) |
| | | Total | 0.453 Are (1.12 Cent) |

(Sd.)

DISTRICT COLLECTOR,

*Malappuram.*